ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സ തേടുന്ന ക്യാൻസർ, വൃക്ക രോഗികൾക്ക് ദീർഘകാലത്തെ ചികിത്സ ആവശ്യമായതിനാൽ ടി രോഗികൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ കാലതാമസം അനുഭവപ്പെടാറുണ്ട്. കൂടാതെ രോഗികൾ മരണപ്പെടുന്ന അവസരങ്ങളിൽ ടി വിവരം ഈ ആശുപത്രിയിൽ യഥാസമയം അറിയിക്കുവാനും രോഗികളുടെ ബന്ധുക്കൾ തയ്യാറാകുന്നുമില്ല. അറിയുന്നമുറയ്ക്ക് മരിച്ചവരുടെ തുക തിരിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് സ്ഥാപനങ്ങളിൽ തുടർചികിത്സ ആരംഭിക്കുമ്പോൾ ടി രോഗിക്ക് പുതിയ അപേക്ഷ നൽകാവുന്നതാണ്. ആയതിനാൽ തുടർചികിത്സയ്ക്ക് തടസ്സങ്ങൾ ഉണ്ടാകാറില്ല.

(സി) കാലതാമസം കൂടാതെ തുക മടക്കിനൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യ കേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനം

99 (4383) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യകേന്ദ്രങ്ങളോ, ആരോഗ്യകേന്ദ്രങ്ങളുടെ അവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പരിശോധനകൾ കഴിഞ്ഞ ഉപകരണങ്ങളാണ് ആരോഗ്യകേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) വിവിധ ലാബ് ഉപകരണങ്ങൾ, ഡയാലിസിസ് മെഷീൻ എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനവും, അതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുമോ?

ഉത്തരം

(എ) ആരോഗ്യ കേന്ദ്രങ്ങളോ, ആരോഗ്യ കേന്ദ്രങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ടെൻഡർ ഉറപ്പിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

മുമ്പായി ആശുപത്രി മേധാവി അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റിയാണ്. ഏത് ഉപകരണമാണോ വാങ്ങുന്നത് അതുമായി ബന്ധപ്പെട്ട വിദഗ്ധരാണ് കമ്മിറ്റിയിൽ ഉണ്ടാവുക. ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങുന്നത്. കൂടാതെ സേഫ്റ്റി/ഗുണനിലവാര സർട്ടിഫിക്കറ്റുകളായ CE/FDA/STQC B/STQC C/BIS/ERTL ടെസ്റ്റ് റിപ്പോർട്ടുകളുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

(ബി) ഉണ്ട്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങി നൽകുന്ന എല്ലാ ഉപകരണങ്ങളുടെയും തുടർന്നുള്ള പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് ഒരു എക്യുപ്മെന്റ് സർവ്വീസ് വിഭാഗം കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ ഉപകരണങ്ങൾ പ്രവർത്തനരഹിതമായാൽ അവയുടെ സർവ്വീസുകൾക്കുവേണ്ടി ഒരു ടോൾ ഫ്രീ നമ്പർ (1800 425 0004) സംവിധാനവും സോഫ്റ്റ്വെയർ നിയന്ത്രിത ഡേറ്റാ ശേഖരണവും ഏർപ്പെടുത്തിയിരിക്കുന്നു. കോർപ്പറേഷനിലെ എക്യുപ്മെന്റ് സർവ്വീസ് വിഭാഗം എല്ലാ ഉപകരണങ്ങളും അതാത് സമയങ്ങളിൽ ചെയ്യേണ്ട മെയിന്റനൻസുകളും റിപ്പയറുകളും കാലിബ്രേഷനുകളും കാലാകാലങ്ങളിൽ അതാത് വിതരണക്കാരെക്കൊണ്ട് ചെയ്യിപ്പിക്കുന്നു. ഇതുമൂലം ഉപകരണങ്ങളുടെ ഗുണമേൻമയും പ്രവർത്തനക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നു.

108 ആംബുലൻസ് സർവ്വീസ് ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ഇൻഷ്വറൻസ്

100 (4384) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് ഏജൻസി വഴിയാണ് 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്ത് നടത്തുന്നതെന്നും ഇതിനായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ വാഹനത്തിനും എത്ര ജീവനക്കാരെ വീതം ഏതൊക്കെ വിഭാഗത്തിലാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ജോലി സമയം എത്ര ആണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ സുക്ഷിതത്വത്തിനായി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വാഹനം അപകടത്തിൽപ്പെട്ടാൽ ഇവർക്ക് എന്തെല്ലാം നിയമ പരിരക്ഷ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) 108 വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; കണക്കുകൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly